പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ഗ്രാമവികസന വകുപ്പിന്റെ റോഡുകളുടെ പുനരുദ്ധാരണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5373 — 28.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമവികസന വകുപ്പിന്റെ കീഴിൽ എത്ര റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നബാർഡ് ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 101 റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 1039 റോഡുകൾ സംസ്ഥാനത്ത് പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ സ്ഥലങ്ങളിൽ, ഏതൊക്കെ റോഡുകൾക്ക് എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (ബി) | RIDF അനുബന്ധം 1 A, PMGSY അനുബന്ധം 1 B ആയി ചേർത്തിരിക്കുന്നു. |
| (സി) | ഏറ്റവും കൂടുതൽ റോഡ് ഫണ്ട് ഏത് ജില്ലയിലാണ് അനുവദിച്ചിരിക്കുന്നത്; ആയതിന്റെ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | RIDF പ്രകാരം ഏറ്റവും കൂടുതൽ റോഡ് ഫണ്ട് ഇടുക്കി ജില്ലയ്ക്കാണ് അനുവദിച്ചിരിക്കുന്നത്. 1566.30 ലക്ഷം രൂപ. പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ റോഡുകൾ ഏറ്റെടുത്തിട്ടുള്ളത് ഇടുക്കി ജില്ലയിലാണ്. ഇതിനായി 200.97 കോടി രൂപ അടങ്കൽ തുകയായി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഇനിയും ഏതെല്ലാം റോഡുകൾക്കാണ് പുനരുദ്ധാരണത്തിന് ഫണ്ട് കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | 2015-16 ൽ ആർ.ഐ.ഡി.എഫ് XXI- ലേക്ക് ഏറ്റെടുക്കേണ്ട പുതിയ പ്രവൃത്തികൾ സംബന്ധിച്ച് നടപടി സ്വീകരിച്ചു വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ പി.എം.ജി.എസ്.വൈ. II ലേയ്ക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്